(ബി) സ്പോർട്സ് കാട്ടയിൽ നിയമനം ലഭിച്ചിട്ടുള്ള എത്ര ശതമാനം പേർ ഇപ്പോൾ സർവ്വീസിൽ നിലവിലുണ്ട് ;

(സി) ഇത്തരത്തിൽ നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാം തീർപ്പാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എത്ര അപേക്ഷകളിന്മേൽ ആണ് ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളത് ; ഇതിൻമേൽ എന്നത്തേക്ക് തീർപ്പ് കൽപ്പിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രതിവർഷം 20 നിയമനങ്ങളാണ് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലേക്ക് സ്പോർട്സ് കാട്ടാ നിയമന പദ്ധതിപ്രകാരം നടത്തിവരുന്നത്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരിൽ കായികരംഗത്ത് തുടരാൻ ആഗ്രഹിക്കുന്നവരെ സൂപ്പർ ന്യൂമററി തസ്തികയിലും കായിക രംഗത്തുനിന്ന് വിരമിച്ചവരെ റഗുലർ തസ്തികയിലുമാണ് നിയമിക്കുന്നത്. 20 ഒഴിവുകൾ നിശ്ചയിച്ചിരിക്കുന്നത് സർക്കാർ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലല്ല.

(ബി) 1986 മുതൽ 1996 വരെ പ്രതിവർഷം 20 പേരെ വീതം 220 ഒഴിവുകളിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) സർക്കാർ സർവ്വീസിലേയ്ക്ക് പ്രഗത്ഭ കായിക താരങ്ങളെ നിയമിക്കുന്ന പദ്ധതിപ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകളാണ് നിയമനത്തിന് പരിഗണിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ അതാത് സമയത്ത് തീർപ്പാക്കിയിട്ടുണ്ട്. അല്ലാതുള്ള അപേക്ഷകൾ പരിഗണിക്കാറില്ല.

(ഡി) 1992-96 കാലയളവിലെ നിയമനത്തിൽ ഉത്തരവ് നൽകിയിട്ടും സർവ്വീസിൽ ചേരാതിരുന്ന രണ്ട് ഒഴിവുകളിലേയ്ക്ക് 2002 നവംബറിൽ പുനർനിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചതനുസരിച്ച് ലഭിച്ച അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ട്. ഇതിൻമേലുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

പി.എസ്.സി.യുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ

24 (1492) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. റ്റി. എച്ച്. മുസ്തഫ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യുമായി ബന്ധപ്പെട്ട് ഒരു വൻ റാക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് പല വാഗ്ദാനങ്ങളും നൽകി പണം തട്ടുന്നതായി പരാതിയുണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള പി.എസ്.സി. ചെയർമാൻ അധികാരമേറ്റെടുത്തശേഷം ഗസ്റ്റഡ് പോസ്റ്റുകളിലേയ്ക്കുള്ള നിയമനങ്ങളുടെ നടപടികളിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്ന് അന്വേഷിക്കുമോ ;

(സി) അതിനായി ഇത്തരം പോസ്റ്റുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് നടത്തിയ റിട്ടൺ ടെസ്റ്റിൽ ഉദ്യോഗാർത്ഥികൾ നേടിയ റാങ്കും അവരുടെ കാളിഫൈയിംഗ് യോഗ്യതയിൽ അവർക്ക് കിട്ടിയ മാർക്കും സെലക്ഷൻ ലിസ്റ്റിൽ അവർക്ക് കൊടുത്ത റാങ്കും പ്രസിദ്ധീകരിച്ച് അക്കാര്യത്തിലുള്ള സംശയം അകറ്റാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകൾ, റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്ക്, ഓരോ തസ്തികയ്ക്കും നിയമന ശുപാർശ നടത്തിയതിന്റെ വിവരങ്ങൾ തുടങ്ങിയവ അറിയിക്കുന്നതിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു വെബ്സൈറ്റ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പി.എസ്.സി. നിയമനങ്ങളിൽ നാടാർ വിഭാഗങ്ങൾക്കുള്ള സംവരണം

25 (1493) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങളിൽ നാടാർ വിഭാഗങ്ങൾക്ക് നിലവിലുണ്ടായിരുന്ന സംവരണ നിരക്ക് എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഹിന്ദു നാടാർ, എസ്ഐ.യു.സി. വിഭാഗങ്ങൾ ഉൾപ്പെട്ടിരുന്നുവോ ;

(സി) ഹിന്ദു നാടാർ, എസ്.ഐ.യു.സി. വിഭാഗങ്ങളെ യഥാക്രമം ഐറ്റം നമ്പർ 49-ലും ഐറ്റം നമ്പർ 64-ലും മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിവരം വെളിപ്പെടുത്താമോ ;

(ഇ) നിലവിൽ ഹിന്ദു-നാടാർ എസ്.ഐ.യു.സി., നാടാർ എന്നീ വിഭാഗങ്ങളിൽ നിയമനങ്ങളിൽ സംവരണം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(എഫ്) എസ്.ഐ.യു.സി. നാടാർ വിഭാഗത്തിന് അർഹതപ്പെട്ട സംവരണാനുകൂല്യം ലഭിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ജി) അർഹതപ്പെട്ട സംവരണാനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly